# തെങ്ങുകയറ്റതൊഴിലാളികൾ ഇനി വിരൽ തുമ്പിൽ

■ **സ്വന്തം ലേഖകൻ**
തിരുവനന്തപുരം

തെങ്ങുകയറാൻ ആളെ കിട്ടാതെ ബുദ്ധിമുട്ടുന്ന നാളികേരകർഷകർക്കിതാ സന്തോഷവാർത്ത. തെങ്ങുകയറി തേങ്ങയിടുന്ന തെങ്ങുകയറ്റതൊഴിലാളികളിതാ നിങ്ങളുടെ വിരൽ തുമ്പിൽ. നാളികേര വികസനബോർഡിന്റെ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന തെങ്ങുകയറ്റതൊഴിലാളികളിൽ ഏറ്റവും അടുത്തുള്ളവരെ കണ്ടെത്തി വീട്ടിലിരുന്നുകൊണ്ടുതന്നെ നിങ്ങൾക്ക് തേങ്ങയിടാൻ തെങ്ങുകയറ്റതൊഴിലാളുകളെ കണ്ടെത്താം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 6,328തെങ്ങുകയറ്റ തൊഴിലാളികളാണ് നാളികേര വികസന ബോർഡ് തയാറാക്കിയ ഓൺലൈൻ ഡയരക്ടറിയിൽ പേർ റജിസ്റ്റർ ചെയ്തിരിക്കുന്നത്. തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം കണക്കിലെടുത്ത് നാളികേര വികസന ബോർഡാണ് തെങ്ങുകയറ്റ തൊഴിലാളികളുടെ ഓൺലൈൻ ഡയരക്ടറി തയാറാക്കിയിരിക്കുന്നത്.

കേരകർഷകരെ സഹായിക്കാനായി സന്നദ്ധത പ്രകടിപ്പിച്ച് നാളികേര വികസന ബോർഡ് തയാറാക്കിയ ഓൺലൈൻ ഡയരക്ടറിയിൽ പേർ റജിസ്റ്റർ ചെയ്തവരിൽ ഏറ്റവും കൂടുതൽ ആളുകളുള്ള തിരുവനന്തപുരം ജില്ലയിൽ നിന്ന് 749 പേരാണ് ഇതുവരെ ലിസ്റ്റിൽ ഇടംനേടിയിട്ടുള്ളത്. കോഴിക്കോട് ജില്ലയിൽ നിന്ന് 708 പേരാണ് ഇതുവരെ പേർ റജിസ്റ്റർ ചെയ്തിരിക്കുന്നത്. കാസർകോട് –240, പാലക്കാട്–552, കോട്ടയം –384, കണ്ണൂർ–549, തൃശൂർ–661, ഇടുക്കി–214, എറണാകുളം–592, പത്തനംതിട്ട–167, മലപ്പുറം–568, ആലപ്പുഴ–409, കൊല്ലം–554 തുടങ്ങി ജില്ലകളിൽ നിന്നും തൊഴിലാളികൾ പേർ റജിസ്റ്റർ ചെയ്തിട്ടുണ്ട്. തൊഴിലാളികളെ ആവശ്യമുള്ളവർക്ക് ഓൺലൈൻനോക്കി ഇവരുമായി ബന്ധപ്പെടാവുന്നതാണ്. തൊഴിലാളികളുടെ പേർ, വിലാസം, ഫോൺ നമ്പർ എന്നിങ്ങനെ കൃത്യമായ വിവരങ്ങൾ ഓൺലൈനിൽ നൽകിയിട്ടുണ്ട്. നിരവധി പേരാണ് ഈ സേവനം ദിവസവും പ്രയോജനപ്പെടുത്തുന്നത്. coconutboard.nic.in/friendsdistrict.htm എന്ന വെബ്സൈറ്റിലാണ് ഇതു സംബന്ധിച്ച വിവരങ്ങളുള്ളത്. ഫ്രണ്ട്സ് ഓഫ് കോക്കനട്ട് എന്ന പേരിലാണ് ഓൺലൈൻ ഡയരക്ടറി തയാറാക്കിയിരിക്കുന്നത്. കഴിഞ്ഞ വർഷം ജൂൺ 20 മുതലാണ് നാളികേര വികസന ബോർഡ് പ്രത്യേക പരിശീലനം നൽകി പുറത്തുവരുന്നവരുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഓൺലൈൻ ഡയരക്ടറിയുടെ റജിസ്ട്രേഷൻ ആരംഭിച്ചത്. തെങ്ങുകൃഷി സംരക്ഷിക്കുന്നതിനും കൃഷി വ്യാപിപ്പിക്കുന്നതിനുമായി ചെറുപ്പക്കാരുടെ ഒരു സംഘത്തെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെയാണ് നാളികേര വികസന ബോർഡ് ഓൺലൈൻ ഡയരക്ടറി ആരംഭിച്ചത്.

ഡയരക്ടറിയുടെ സേവനം നിരവധി പേർ പ്രയോജനപ്പെടുത്തുന്നതായി ബോർഡ് അധികൃതർ വ്യക്തമാക്കുന്നു. തെങ്ങുകയറ്റക്കാരെ കിട്ടാനില്ലെന്ന് വ്യാപകമായി പരാതി ഉയർന്ന സാഹചര്യത്തിലാണ് നാളികേരകർഷകരെ സഹായിക്കാനായി നാളികേര വികസന ബോർഡ് ഇത്തരത്തിലൊരു സംരംഭം തുടങ്ങിയത്.തെങ്ങുകയറ്റ ജോലിയിലേക്ക് കൂടുതൽ യുവാക്കളെ പങ്കെടുപ്പിക്കുന്നതിനായി ഇവർക്ക് പ്രത്യേക പരിശീലനവും നൽകിയിരുന്നു.

പരിശീലനം നേടിയ തൊഴിലാളികൾക്ക് ഓരോരുത്തർക്കും ഒരു വർഷത്തേക്ക് ഒരു ലക്ഷം രൂപയുടെ ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിരുന്നു. ഇവരുടെ സേവനം തേങ്ങയിടാൻ ആളെക്കിട്ടാതെ നാടുമുഴുവൻ അലഞ്ഞു നടക്കുന്ന നാളികേരകർഷകന് നാളികേര വികസന ബോർഡ് ഏർപ്പെടുത്തിയ ഹൈടക്ക് പദ്ധതി അനുഗ്രഹമാവുമെന്നതിൽ സംശയമില്ല.